# ഉച്ചാരണവും പാരമ്പര്യങ്ങളും

സി.ജെ. ജോർജ്ജ്
അസോ. പ്രൊഫസർ, ഡോ. അംബേദ്കർ, ഗവ. കോളേജ്, ബാലുശ്ശേരി

## പ്രബന്ധസംഗ്രഹം

മലയാളം ഉച്ചാരണം സംബന്ധിച്ച് മാനകമലയാളി സമൂഹം പേറുന്ന ധാരണകളുടെ പിന്നാമ്പുറം തേടുകയാണ് ഈ ലേഖനത്തിൽ ചെയ്യുന്നത്. ഉച്ചാരണത്തിലെ ശരിയും തെറ്റും ചർച്ച ചെയ്യുമ്പോൾ പ്രത്യക്ഷ ഭാഷണതലത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും മാനകഭാഷാവീക്ഷണം ചോദ്യരഹിതമായി സ്വീകരിച്ച് വിധിയെഴുതുകയും ചെയ്യുന്ന രീതിക്കാണ് പ്രാമാണ്യമുള്ളത്. ഈ പ്രാമാണികവീക്ഷണത്തിൽ അന്തർഭവിച്ചിട്ടുള്ള ധാരണകളെ ഭാഷാചരിത്രപരമായ അവബോധത്തോടെ വെളിപ്പെടുത്തുവാൻ ശ്രമിക്കുന്ന അന്വേഷണം.

**താക്കോൽവാക്കുകൾ**: മാനകീകരണം, ഭാഷാബോധം, അധീശത്വം. വിപരീതദ്രവ്യം, ഭാഷാന്തരീക്ഷം-

"തിരിഞ്ഞുനോക്ക്യാൽ ന്താ പറ്റ്ന്ന് നിശ്ചണ്ടോ ഉണ്ണിക്ക്?" അച്ഛൻ ചോദിച്ചു.
"തടഞ്ഞുവീഴും", കുഞ്ഞുണ്ണി പറഞ്ഞു.
"വീണാൽ ന്താ ണ്ടാവ്വാ?"
"ബന്ധുക്കൾ ചിരിക്കുംന്നല്ലേ അച്ഛൻ പറഞ്ഞുതന്ന പഴഞ്ചൊല്ല്?"
"കുട്ടി മറന്നില്ല്യാ, വ്വോ?'' *(ഗുരുസാഗരം, ഒ.വി. വിജയൻ)*

"തെറ്റിയും വികലമായും സംസ്കൃതം ഉച്ചരിക്കുന്നതുകേട്ട് ചിലർ ചിരിച്ചു. അംഗഭംഗം വന്ന പദം നേരെചൊവ്വേ തിരുത്തിപ്പറയാൻ പലരും മുതിർന്നു. അന്ധമായി വിശ്വസിക്കാനും സംസ്കൃതം അർത്ഥമറിയാതെ ഉച്ചരിക്കുന്നവരുടെ മേൽക്കോയ്മ ചോദ്യം കൂടാതെ അംഗീകരിക്കാനും കളരിയിൽ പഠിക്കുന്നവരോ പഠിച്ചവരോ തയ്യാറില്ലായിരുന്നു."

*(തീക്കടൽ കടഞ്ഞ് തിരുമധുരം, സി. രാധാകൃഷ്ണൻ)*

"ദേ ആനേനെ കണ്ടോ?' പവിത്ര തുള്ളിച്ചാടി.

"ആനേനെ അല്ല, ആനയെ എന്നു പറയെടീ." കളിയായി അവനവളുടെ ചെവിക്കു നുള്ളി.

*(മോദസ്ഥിതനായങ്ങു വസിപ്പൂ മലമേലെ, എസ്. ഹരീഷ്)*

കോട്ടയത്തെ 'അച്ചായ'ന്മാരുടെ വർത്തമാനത്തിൽ മാത്രമല്ല, കൊല്ലം കാരനായ പ്രിയപ്പെട്ട മഹാകവി ഒ.എൻ.വി. കുറുപ്പിന്റെ കാവ്യാലാപനത്തിൽ പ്പോലും ചില ഉച്ചാരണസ്ഖലിതങ്ങൾ കണ്ട് (കേട്ട്) പരിഹാസമടക്കാൻ പാടുപെടുന്നവരെ കണ്ടിട്ടില്ലേ? ഫയെയും ഭയെയും ഫാനിലെ ഫ പോലെയോ, അത്തരമൊരു ചുവയോടെയോ ഉച്ചരിക്കുന്നത് കേട്ട് ചെവിയിൽ വിരൽ തള്ളിക്കേറ്റാനിടവന്നതും ചെന്നിക്കുത്തുണ്ടായതും കഷ്ടം തോന്നിയതും കരച്ചിൽവന്നതുമൊക്കെ പറഞ്ഞുകേൾക്കാൻ ഇടവന്നിട്ടില്ലേ? 'മലയാളോച്ചാരണകാര്യങ്ങളിൽ മലയാളം അദ്ധ്യാപകർക്കു ഒരു നിശ്ച്യോല്ല' എന്നതാണ് അത്തരത്തിൽ പ്രതികരിക്കുന്ന പലർക്കും ഏറെ വേദനാജനകമായിരിക്കുന്നത്. ശിക്ഷിക്കേണ്ട കുറ്റമായിരിക്കുന്നത്. അതിഖരം, മൃദു, ഘോഷം എന്നിവ സംസ്കൃതോച്ചാരണശിക്ഷപ്രകാരം ഉച്ചരിക്കാത്തതാണ് പ്രശ്നം. സംസ്കൃതസംഭാഷണചതുരരെല്ലാവരും ഇതൊക്കെ ഒരേ മട്ടിൽ സ്ഥാനനിർണ്ണയം ചെയ്തു വേണ്ടപോലെ നാവ് തൊട്ടും തൊടാതെയും ശ്വാസിനാദി ഭേദങ്ങളോടുകൂടിയും പ്രാണഭേദങ്ങളോടെയുമാണോ ഉച്ചരിച്ചുപോന്നിരുന്നത്? അങ്ങനെ നിയമാനുസാരിയായി ഉച്ചരിച്ചുച്ചരിച്ചാണോ ആ ഭാഷതന്നെയും ഉച്ചാരണരൂപത്തിൽനിന്ന് മിക്കവാറും നിഷ്കാസിതമായത്? നിശ്ചയമില്ല. ഇങ്ങനെയുള്ള സംശയങ്ങൾ പോട്ടെ. ഈ വൈചിത്ര്യങ്ങളുടെ അടിയിലോ മീതെയോ ആയി നിലകൊണ്ട് പ്രവത്തിക്കുന്ന ഗൂഢശക്തികളെന്തൊക്കെയാണ്? അതിനെക്കുറിച്ച് ചിലതു വഴിവിട്ടുചിന്തിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

നമ്മുടെ ഭാഷയെ നമ്മൾ മലയാളമെന്നു വിളിക്കുന്നു. മലയാളം എന്ന ഈ ഒരൊറ്റപ്പേരുകൊണ്ടു കുറിക്കുന്നു എന്നതിനർത്ഥം കേരളത്തിലെ ജനങ്ങൾ എല്ലാവരും ഒരേ പദാവലിയും ഒരേ ഉച്ചാരണക്രമവും ഉപയോഗിച്ചുപോരുന്നു എന്നല്ലെന്നു നമുക്കറിയാം. എഴുത്തിൽപ്പോലും വ്യത്യസ്തതകളുണ്ട്. പക്ഷേ, പരസ്പരവിനിമയം സാദ്ധ്യമാക്കുന്ന തരത്തിൽ പരിചിതമായ പദങ്ങളുടെയും ഉച്ചാരണങ്ങളുടെയും വാക്യക്രമങ്ങളുടെയും സംഘാതമെന്ന നിലയിൽ നമുക്ക് മലയാളത്തിന്റെ വകഭേദങ്ങളാണ് അതെല്ലാമെന്നു മനസ്സിലാക്കാനാകുന്നുണ്ട്. ഇങ്ങനെ ഭേദങ്ങളോടെ നാം വ്യക്തിപരമായി പ്രയോഗിക്കുന്നതും, മനസ്സിലാക്കാൻ പ്രയോജനപ്പെടുത്തുന്നതുമായ ചിഹ്നവ്യവസ്ഥയെയും അതിന്

താങ്ങായി നില്ക്കുന്ന ധാരണകളേയും ചേർത്താണ് മലയാളം എന്നു വിശേഷിപ്പിക്കുന്നത്. ആ മാനസിക മലയാള വ്യവസ്ഥയുടെ പ്രത്യക്ഷീകരണങ്ങളായ ചിഹ്നകളായി നമ്മളുടെ സംസാരത്തെയും എഴുത്തിനെയും മനസ്സിലാക്കാം. പ്രത്യക്ഷമായ ഭാഷണങ്ങൾ തമ്മിൽ ഭൗതികമായി അന്തരമുണ്ടാകുമ്പോഴും അവ മനസ്സിൽ ഉണർത്തുന്ന ആശയബിംബങ്ങളെ തിരിച്ചറിയാൻ നമുക്കു സാധിക്കുന്നു.

പ്രത്യക്ഷബിംബങ്ങൾക്ക് ഈ മാനസിക ബിംബങ്ങളെ ഉണർത്താൻ പര്യാപ്തമായ വ്യാവർത്തകത്വം ഉണ്ടായിരിക്കുക എന്നത് പ്രധാനമാണ്. അതില്ലെങ്കിൽ ആശയവിനിമയം തടസ്സപ്പെടും. എല്ലാവരും 'ക' എന്ന അക്ഷരം സമാനസന്ദർഭങ്ങളിൽപ്പോലും ഉച്ചരിക്കുന്നത് ഭൗതികമായ അവയുടെ ഗുണത്തെ സംബന്ധിച്ച പരിഗണനകളോടെ നോക്കിയാൽ വ്യത്യസ്തങ്ങളായിട്ടാണ് എന്നതാണ് വാസ്തവം. പ, ഭ, ബ്ദ, ക്ര, ജ്ജ, ർ, ർത്ഥ, ന്ദ്ര, ശ്രു തുടങ്ങിയവയുടെ ഉച്ചാരണത്തെക്കുറിച്ച് ഒന്നാലോചിച്ചു നോക്കൂ, ചെകിടോർത്തുനോക്കൂ. എത്ര വ്യത്യസ്തമായാണ് അവയൊക്കെ ഉച്ചരിക്കപ്പെടുന്നതെന്നു കേൾക്കൂ. നോക്കൂ, എഴുത്തിലുമുണ്ട് വ്യത്യാസം. അച്ചടിയിൽപ്പോലും ഭേദങ്ങളുണ്ട്. ഇങ്ങനെ വ്യത്യാസങ്ങളിരിക്കുമ്പോഴും അവയ്ക്ക് ഒരു ആദർശമാതൃകയിലേക്ക് നമ്മെ നയിക്കാൻകഴിയുന്നു. മാനസികമായ ആ ആദർശമാതൃകയുടെ തലത്തിൽവെച്ചാണ് നാം ശബ്ദത്തെയായാലും ലേഖനരൂപത്തെയായാലും മനസ്സിലാക്കുന്നത്.

ഇങ്ങനെ ആലോചിച്ചാൽ, മാനസികതലതത്തിലാണ് ഭാഷ നിലകൊള്ളുന്നതുതന്നെയെന്നു പറയേണ്ടിവരും. മനസ്സിലാക്കലിന്റെ ഉപാധിയായ ഭാഷ മനസ്സിലാണ് നിലകൊള്ളുന്നതെന്ന്! ലോകത്തെ മനസ്സിലാക്കാനുള്ള മാനസികവൈഭവമാണ് ഭാഷയെന്നു വേറൊരുതരത്തിൽ പറഞ്ഞുകൂടേ? വസ്തുലോകത്തെ മനോവസ്തു –അറിവ്– ആക്കി രൂപാന്തരപ്പെടുത്തുന്ന വൈഭവമാണത് എന്നു വേറൊരു തരത്തിലും പറയാമല്ലോ? ഭാഷയ്ക്ക് ലാങ് (Langue) എന്നൊരു തലമുണ്ടെന്നു സങ്കല്പിച്ച സൊസ്യൂറിന്റെ ഏറ്റവും വലിയ സംഭാവന ഈ ഭാഷയുടെ മാനസികതല നില ഒരു സങ്കല്പനമെന്ന നിലയിൽ അവതരിപ്പിച്ചു എന്നതാണ്. പ്രത്യക്ഷ ഭാഷയായ പരോളിൽനിന്നും (Parole) ഭിന്നമായി ഭാഷയ്ക്ക് ഒരു അമൂർത്തതലമുണ്ടെന്നും അതാണ് ഭാഷ (ലാങ് അഥവാ ലാംഗ്വേജ്) എന്നും അതിനെ ഓർമ്മിപ്പിക്കുന്ന ഒരു നിലയാണ് മൂർത്തമായ പ്രത്യക്ഷഭാഷണ (പരോൾ) ത്തിനും അതിനെ ഓർമ്മിപ്പിക്കുന്ന എഴുത്തിനുമൊക്കെ ഉള്ളതെന്നും മനസ്സിലാക്കുകയായിരുന്നു സൊസ്യൂർ. ആ

വീക്ഷണകോണിൽ നോക്കിയാൽ ഭാഷ ഒരു മാനസിക പ്രതിഭാസമാണ്. അതിന്റെ പ്രത്യക്ഷരൂപം ആദർശമല്ല, അഥവാ തനിസ്വരൂപത്തിലുള്ളതല്ല. നാം കേൾക്കുകയും പറയുകയും ചെയ്യുന്ന ഭാഷണമെന്ന പരോൾ അതിന്റെ ഒരു പ്ലേറ്റോണിക് പകർപ്പുമാത്രം. അത് ഒറിജിനലല്ല. ഏതാണ്ട് അഥവാ ഏറെക്കുറെ മാത്രമാണ്. അതുവെച്ച നമുക്ക് ആദർശത്തെ അറിയാം, സങ്കല്പിച്ചെടുക്കാം, മനസ്സിൽ-ആക്കാം. അങ്ങനെ വേർതിരിച്ച് അറിയാനാവുന്നിടത്തോളമേ ആദർശം വിട്ടുള്ള കളി പാടുള്ളൂ. വേർതിരിച്ചറിവ്–സാങ്കേതികമായി പറഞ്ഞാൽ വ്യത്യാസമെന്നോ വ്യാവർത്തകത്വമെന്നോ വിവരിക്കാം.

'ക' എന്ന ഉച്ചാരണത്തിന് (എഴുത്തിന്) മറ്റ് ഉച്ചാരണങ്ങളിൽനിന്നും (എഴുത്തുകളിൽനിന്നും) വ്യത്യാസമുണ്ടായാൽ മാത്രമേ അതിനെ തിരിച്ചറിയാനാകൂ എന്നതു വാസ്തവമാണല്ലോ. അങ്ങനെ വ്യവച്ഛേദിക്കാൻ കഴിയുന്നതിനുപകരിക്കുന്നത്ര വ്യത്യസ്തത സൂക്ഷിക്കണം, ഒപ്പം ആദർശരൂപത്തോട് ആവതും അടുപ്പവും സൂക്ഷിക്കണം എന്നതിനപ്പുറത്ത് കൃത്യമായ, നിയതമായ രൂപമനുശാസിക്കുന്നില്ല (അഥവാ ആവശ്യപ്പെടുന്നില്ല) ഭാഷ. ആ നിലയിൽ വളരെ അയഞ്ഞ രൂപബോധ്യമേ ഭാഷയ്ക്കുള്ളൂ. മലയാളഭാഷയിൽ ഇത് വളരെ പ്രകടമാണ്. ഒരു ലേഖനചിഹ്നംകൊണ്ട് വളരെ വ്യത്യസ്തമായ ഉച്ചാരണങ്ങളെ കുറിക്കാറുണ്ട്. 'ന' എന്ന ചിഹ്നം നോക്കുക. ഇതിന് വ്യത്യസ്തമായ എഴുത്തുരീതികളുണ്ട്, വ്യത്യസ്തമായ ഉച്ചാരണരീതികളുമുണ്ട്. 'ക്ഷ' എന്ന എഴുത്തുകൊണ്ട് ക്ഷ എന്നും ക്ഷ എന്നും ഉള്ള ഉച്ചാരണങ്ങൾ നമുക്ക് സാധ്യമാക്കാനാവുന്നുണ്ട്. സംസ്കൃതജന്യങ്ങൾക്ക് 'ക്ഷ' ഉച്ചാരണവും ഇംഗ്ലീഷ് ജന്യങ്ങൾക്ക് 'ക്ഷ' ഉച്ചാരണവുമെന്ന ലീനബോധ്യം നമുക്കുണ്ടുതാനും. 'ഫ' കൊണ്ട് സാദ്ധ്യമാകുന്ന ഉച്ചാരണഭേദങ്ങളെക്കുറിച്ച് തുടക്കത്തിൽ പറഞ്ഞു.

ചർച്ചകളിൽ തെറ്റും ശരിയുമൊക്കെയായ ഉച്ചാരണസവിശേഷതകളായി പരാമർശിക്കാറുള്ള പലതും രൂപഭേദങ്ങൾതന്നെയാവും. ആനേനെ എന്നല്ല ആനയെ എന്നാണ് പറയേണ്ടതെന്നു പഠിപ്പിക്കുമ്പോൾ ഉച്ചാരണപ്രശ്നം ഇങ്ങനെ രൂപപരമായ തലത്തിലേക്കു കടക്കുന്നുണ്ട്. ഉസ്കൂള്, ഇസ്കൂള്, ഇഷ്കോള്, ഇണ്ട്, ഒണ്ട്, ഇണ്ടായിറ്റിണ്ട്, പോയിനു, പോയിക്കി തുടങ്ങിയ രൂപങ്ങൾ നോക്കുക. ആദ്യത്തെ അഞ്ചെണ്ണം മാനകമെന്നു വെച്ചിട്ടുള്ള (ശരിരൂപം എന്നും കരുതിപ്പോരുന്ന) ഉച്ചാരണങ്ങളിൽനിന്നുള്ള വ്യതിയാനമെന്ന നിലയിലാണ് തെറ്റായ ഉച്ചാരണമെന്നു വിധിക്കപ്പെടുന്നത്. ഇനു, ഇക്കി എന്നിവ ചേരുന്ന രൂപങ്ങൾ വെറും ഉച്ചാരണഭേദമായി കണ്ടുകൂടാത്ത ഒരു നിലയിലുള്ളതാണ്. ഉച്ചാരണഭേദം എന്ന് പറയുന്നുവെന്നേയുള്ളൂ.

യഥാക്രമം ഇരിക്കുന്നു, ഇരുന്നു എന്നീ രൂപങ്ങളുടെ ഉച്ചാരണഭേദങ്ങളാണവ എന്നു പറഞ്ഞാൽ ഒരർത്ഥത്തിൽ തെറ്റാണെന്നു പറഞ്ഞുകൂടെങ്കിലും അവ പ്രാദേശികമോ സാമൂഹികമോ ആയി നിജപ്പെടുത്താവുന്ന വാമൊഴിഭേദങ്ങളാണ്. ഇരിക്കുന്നു എന്നെഴുതിയതിനെ ഇക്കി എന്ന് ഉച്ചരിക്കുകയല്ല അവിടെ ചെയ്യുന്നത്. എന്നിരിക്കെ ഉച്ചാരണപ്രശ്നമായി അതിനെ വിവരിക്കുന്നത് വാമൊഴി-വരമൊഴിഭേദങ്ങളെ സംബന്ധിച്ച പരിഗണനകൾ കൂടാതെയുള്ള ഒരു ഒഴുക്കൻ മട്ടാലാണ്. ഇതൊക്കെ കണക്കിലെടുക്കുന്ന ഉദാരമായ ഒരു സമീപനത്തോടെ കണ്ടാൽ ഉച്ചാരണങ്ങളുടെ വൈവിദ്ധ്യങ്ങളും രൂപഭേദങ്ങളും ഒക്കെ നിലനില്ക്കുകയും വിനിമയസാദ്ധ്യത നിലനിർത്തുകയും ചെയ്യുന്ന പ്രതിഭാസമാണ് ഭാഷ എന്നു കാണേണ്ടിവരും. അതിൽ ചില ആദർശബിന്ദുക്കളെ സങ്കല്പിച്ചുകൊണ്ടാണ് വർണ്ണ (സ്വനിമ) വ്യവസ്ഥയൊക്കെ സങ്കല്പിച്ച് നിയമവത്കരണം നടത്തുന്നത്. എഴുത്തിന് അനുഗുണമായ ഒരു ആസൂത്രണത്തോടൊത്താണ് അഥവാ മാനകീകരണം ആവശ്യമാക്കുന്ന സാങ്കേതികവത്കരണവുമായി ബന്ധപ്പെട്ടാണ് അത് സംഭവിക്കുന്നതെന്നു വിലയിരുത്തുന്നതിൽ യുക്തിയുണ്ട്. വർണ്ണവിജ്ഞാനം എഴുത്തിനൊപ്പം വളരുന്നതാണ്. സ്വനിമവിജ്ഞാനമെന്നത് ഭാഷയെ എഴുത്തിനു പര്യാപ്തമാക്കുന്ന ഏർപ്പാടുകൂടിയാണ്.[1]

ഈ പ്രക്രിയയിൽ മാനകീകരണത്തിന്റേതായ ഒരു തലമുണ്ട്. ഒരു ആദർശഭാഷാവ്യവസ്ഥയാണ് ഉണ്ടായിവരുന്നത്. അത് ലാങ് എന്നു വിശേഷിപ്പിക്കപ്പെടുന്ന ഒന്നല്ല. ലാങ് എന്ന വ്യവസ്ഥ ആദർശവ്യവസ്ഥയല്ല. വൈവിദ്ധ്യാത്മകമായ സംസാരഭേദങ്ങളെ അനുവദിക്കുന്ന ഭാഷാവ്യവസ്ഥയെയാണ് അത് സൂചിപ്പിക്കുന്നത്. വൈവിദ്ധ്യങ്ങളെ തിരസ്കരിച്ച് ആദർശബിന്ദുക്കളിലേക്ക് ഏകീകരിക്കുന്നതിലുത്സുകമായ വ്യവസ്ഥയെയാണ് ഇവിടെപ്പറഞ്ഞ പ്രക്രിയയിൽ കണക്കിലെടുക്കുന്നത്. ആദർശവ്യവസ്ഥയായതുകൊണ്ടുതന്നെ അതിന് ഒരു വിശേഷമൂല്യം കൈവരുന്നു. സംസ്കരിക്കപ്പെടുന്നതിന് ലഭിക്കുന്ന വിശേഷാധികാരമാണ് അത്. എഴുത്തിലൂടെ അതിന് സാക്ഷാത്കാരവും ലഭിക്കുന്നു. ഒരുതരം കാനോനീകരണമാണിത്. തിരഞ്ഞെടുക്കപ്പെട്ട ഉച്ചാരണമാണത് എന്നു വരുന്നു. ആ ആദർശോച്ചാരണത്തിന്റെ പ്രത്യക്ഷരൂപമായി എഴുത്തുരൂപത്തെ അഥവാ ലിപിയെ സങ്കല്പിക്കുന്നു. അങ്ങനെ അതിന് ഒരു മാനകമഹിമ കൈവരുന്നു. ചിലതിനെ അപരകല്പന നടത്താനും തിരസ്കരിക്കാനുമുള്ള വിശേഷാധികാരം കൈവരുന്നു. അത് ശരിയും കൃത്യവും സ്പഷ്ടവും മാന്യവും പ്രൗഢവും അതിനപ്പുറത്ത് 'ഒറിജിന'ലും (!) ആയി ആദരവു

കൈവരിക്കുന്നു. എഴുത്തിലൂടെ ആവിഷ്കരിക്കപ്പെടുന്ന കൃതികൾ അവയ്ക്ക് ആധികാരികതയും മാന്യതയും പ്രദാനം ചെയ്യുന്നു. അത് ആചരിക്കുന്നവർക്കും ലഭിക്കുന്നു മഹത്വം.

ഇങ്ങനെ വിശേഷപദവി ലഭിക്കുന്ന വ്യവസ്ഥയെ അനുസരിക്കുന്നവ ശരിയും മറ്റുള്ളവ തെറ്റും (അപഭ്രംശവും) എന്ന് കല്പിക്കപ്പെടുന്നു. എഴുത്തറിയാവുന്നവർ സാങ്കേതികവിദ്യ അറിയുന്നവരാണ്. അവർ പണ്ഡിതരോ പാണ്ഡിത്യത്തിനായി നിയോഗിക്കപ്പെട്ടവരോ ആണ്. പണ്ഡിതപ്രസിദ്ധമായത് ശരി. പാമരജനപ്രസിദ്ധമായവ തെറ്റ്. പണ്ഡിതർ കൃതികൾക്ക് രൂപം കൊടുക്കുന്നവരും കൃതികളനുസരിക്കുന്നവരുമാണ്, അതിനൊക്കെ പരിശീലിക്കുന്നതിന് അവസരം ലഭിച്ചവരുമാണ്. പ്രിവിലെജ്ഡ് സമുദായം എന്നു വേറൊരു തരത്തിൽ പറയാം. അവരുടെ കണക്കിൽ, പാമരജനങ്ങൾ ഭാഷാപരമായി വികലതയായി വിലയിരുത്തപ്പെടുന്നു. ഭാഷാചരിത്രത്തിലെ അനിവാര്യമായ (?) ഒരു ദുരന്തമാണിത്. ഒരു പ്രാന്തവൽക്കരണ പ്രക്രിയയാണിത്. എഴുത്തുള്ളവരും എഴുത്തില്ലാത്തവരും എന്ന രണ്ടു വർഗ്ഗം. ഈ രണ്ടു പാരമ്പര്യങ്ങളുമായുള്ള സംഘർഷമുണ്ട്, അല്ലെങ്കിൽ ഇതിലാദ്യത്തേതിന്റെ ഉൽക്കർഷവും രണ്ടാമത്തേതിന്റെ അപകർഷവുമുണ്ട് ഭാഷകളിൽ. അതുളവാക്കുന്ന കോംപ്ലക്സുകളും പീഡകളുമുണ്ട്. മിക്കവാറും അത് നിശ്ശബ്ദനിയമമായി ആചരിക്കപ്പെട്ടുപോരുന്നു. എഴുത്തു കൈവശമെത്തിയാലും എഴുത്തുപാരമ്പര്യം ശക്തമല്ലാത്ത ജനതകൾ ശക്തി കുറഞ്ഞവരായും ഇരട്ടജീവിതക്കാരായും തുടരേണ്ടിവരുന്നു. എഴുത്തിന്റേതായ വിശേഷസന്ദർഭങ്ങളിൽ മാനക ഭാഷാരീതികളിൽ ജീവിക്കും. മറിച്ചുള്ള സംസാരസന്ദർഭങ്ങളിൽ ആ ആദർശഭാഷണത്തെ മിക്കവാറും കൈവിടും. എഴുത്തുപാരമ്പര്യം ശക്തിപ്പെട്ട സമൂഹങ്ങൾക്ക് ആദർശ-മുഖ്യധാരാപരിവേഷവും വിധിക്കാനുള്ള വിശേഷാധികാരം കിട്ടുകയും ചെയ്യും. മാനകീകരണത്തിന്റെ ഭാഗമാണ് ഈ പ്രക്രിയ.

ശരിയുടെ വിധാതാക്കളാൽ അപഹസിക്കപ്പെടുന്ന ഭാഷാഭേദങ്ങളുമായി ജീവിക്കുന്ന ഇരകളെയാണ് പാമരരെന്ന നിലയിൽ ലീലാതിലകത്തിൽ പരാമർശിക്കുന്നത്, നേരിട്ടല്ല, അപാമര-ജനപരാമർശത്തിലെ അപരമായി, ദമിതജനമായിട്ട്. അപാമരർ എന്ന് ലീലാതിലകത്തിൽ പരാമർശിതരായ വിശേഷാധികാരമുള്ള ജനതയുടെ സാംസ്കാരികമൂലധനമായിരുന്നു അന്തസ്സും ആഭിജാത്യവും സാഹിത്യമൂല്യവുമൊക്കെ (അതിന്റെ വിധാതാക്കളാൽത്തന്നെ) കല്പിക്കപ്പെട്ട ഭാഷാഭേദം. അത് മണിപ്രവാളത്തിൽ കടന്നിരിക്കാൻ യോഗ്യതയുള്ള ഭേദമായിരുന്നുവെന്ന് മനസ്സിലാക്കാം. അതിന്റെ അപരമായി

ജീവിക്കുന്ന ഭാഷകളാകട്ടെ ചിലപ്പോൾ കാരുണ്യത്തിന്റെയും ചിലപ്പോൾ അവഹേളനത്തിന്റെയുമൊക്കെ ഇരയാകുന്നു. പാട്ടും കേട്ടുമായ ആളുകളെ യെന്നപോലെ ഭാഷാരീതികളെയും നോക്കിയുള്ള ചിരിയും പരിഹാസവും ചിലപ്പോൾ കരച്ചിലുമാണ് ശ്രേഷ്ഠതയുടെയും അറിവിന്റെയും നിറവിന്റെയും ആളായി സ്വയം അവരോധിക്കാൻ ഉപകരിക്കുക. ഭാഷയുടെ നിഴലായി, പ്രത്യക്ഷബോധ്യങ്ങളുടെ വിപരീതദ്രവ്യമായി2 ഇത്തരം ധാരണകൾ നമ്മെ ഭരിക്കുകയാണ്. ഭാഷയിലെയും ഭാഷകരിലെയും ശരി നിർണ്ണയിക്കുന്ന ലീനധാരണകളാണിവ; മാനകഭാഷയെ സംബന്ധിച്ച ധാരണകൾ. വ്യാകരണത്തിനുമപ്പുറത്തെ വ്യാകരണത്തിന്റെ, ഭാഷയുടെ അബോധമെന്നു വിശേഷിപ്പിക്കാവുന്ന സാമൂഹികധാരണകളുടെ ഇഴകൾ.

മലയാളഭാഷയെ സംബന്ധിച്ചിടത്തോളം മാനകീകരണപ്രക്രിയ ചരിത്രത്തിൽ ഉളവാക്കിയ ഭാഷാധാരണകളും ഭാഷാമനോഭാവങ്ങളും വളരെ സങ്കീർണ്ണമാണ്. അത്, മുകളിൽ സൂചിപ്പിച്ച ആദർശ വർണ്ണ-ലിപി-രൂപവ്യവസ്ഥ ചിട്ടപ്പെടുന്നതോടൊന്നിച്ച് സംഭവിക്കുന്നതാണ്. ഇത് പല പാരമ്പര്യങ്ങളുടെ സമ്മേളനവുമായി ബന്ധപ്പെട്ടതാണ്. മലയാളത്തിന്റെ ലിപിവ്യവസ്ഥ പരിണമിച്ചതുമായി ബന്ധപ്പെടുത്തി ചിന്തിച്ചാൽത്തന്നെ ഈ വഴിയിൽ കുറേ വെളിച്ചം ലഭിച്ചേക്കും.

മനസ്സിലാക്കിയിടത്തോളം ഇന്ത്യയിലെ മിക്ക ഭാഷകളുടെയും ലിപികളെന്നപോലെ മലയാളത്തിന്റെ ലിപികളും ബ്രാഹ്മിയിൽനിന്നു പരിണമിച്ചുണ്ടായതുതന്നെയാണ്. ഏണും കോണും മാറി വട്ടെഴുത്തായും കോലെഴുത്തായും പരിണമിച്ചുവന്ന ഈ എഴുത്തുസമ്പ്രദായത്തിന് തമിഴ്നാട്ടിനും കൂടി പൊതുമ പറയാവുന്ന ഒരു പൂർവ്വഘട്ടമുണ്ടായിരുന്നതായി ഈ മേഖലയിൽ വിവരമുള്ള ആളുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്തായാലും നമ്മുടെ വട്ടെഴുത്തിനും കോലെഴുത്തിനും പ്രാഥമികദശയിൽ തമിഴ്സംഘാതാക്ഷരത്വമേ ഉണ്ടായിരുന്നുള്ളൂ. എന്നുവെച്ചാൽ സംസ്കൃതത്തിലെ വിശേഷോച്ചാരണങ്ങളെ കണക്കിലെടുത്തുള്ള വ്യവസ്ഥപ്പെടുത്തലായിരുന്നില്ല അവയിൽ ഉണ്ടായിരുന്നത്. അന്നത്തെ ആദർശഭാഷയ്ക്ക് അത്രയ്ക്ക് ആദർശബിന്ദുക്കൾ, അഥവാ വർണ്ണങ്ങളേ ആവശ്യമായിരുന്നുള്ളൂ. അതിന് ഒമ്പതു സ്വരവർണ്ണങ്ങളും പത്തൊമ്പതു വ്യഞ്ജനങ്ങളും മാത്രമേ വേണ്ടിയിരുന്നുള്ളൂ. തെക്കൻ (ദ്രാവിഡ, തമിഴ്) ബ്രാഹ്മിലിപിയുടെ പരിണാമം ഈ വർണ്ണവ്യവസ്ഥയ്ക്ക് അനുരോധമായിട്ടായിരുന്നു. അതായിരുന്നു നമ്മുടെ ആദർശവ്യവസ്ഥ. എന്നു വെച്ചാൽ, മാനകഭാഷാരീതി. അതിനോട് പൊരുത്തപ്പെടുന്നതാണ് നമ്മുടെ പാട്ടുസാഹിത്യപ്രസ്ഥാനത്തിന്റെ

ഉച്ചാരണവ്യവസ്ഥ നിജപ്പെട്ടത് എന്നു കരുതണം. പാട്ടുസാഹിത്യം പ്രതിനിധാനം ചെയ്യുന്നത് ഒരു മാനകഭാഷാ-ഉച്ചാരണരീതിയാണെന്നും അതാണ് അക്കാലത്തെ ശരി ഉച്ചാരണത്തിന് പ്രമാണമായിരുന്നതെന്നും കൂടി കരുതുന്നതിന് ന്യായമുണ്ട്. തീർച്ചയായും പ്രാദേശികവടിവുകളും സാമൂഹിക വടിവുകളും ഉണ്ടായിരുന്നിരിക്കണം. ചെന്തമിഴ്, കരിന്തമിഴ് തിചൈച്ചൊല്ലുകല്പനകളൊക്കെ സൂചിപ്പിക്കുന്നതു മറ്റൊന്നല്ല. അവ്വിധമുള്ള വ്യതിയാനങ്ങളിരിക്കെത്തന്നെ ഒരു ദ്രാവിഡവർണ്ണവ്യവസ്ഥയും അതിനെ സംബന്ധിച്ച അവബോധവും ഉണ്ടായിരുന്നു. അതാണ് അക്കാലഭാഷയുടെ മാനകരൂപത്തെ നിശ്ചയിച്ചിരുന്നത്. സംസ്കൃതോച്ചാരാണങ്ങളായ അതിഖരവും ഘോഷവുമൊക്കെ ഉള്ള ശബ്ദങ്ങളെ പാട്ടിൽ സ്വീകരിക്കുമ്പോൾ തത്ഭവമായി മാറ്റുന്നതിൽ ഇപ്പറഞ്ഞ മാനകഭാഷാബോധം പ്രവർത്തിക്കുന്നുണ്ടാകണം.

അപ്പോഴത് ച്യുതിയായിരുന്നില്ല. പില്ക്കാലത്ത് ലീലാതിലകത്തിലൊക്കെ ആര്യവീക്ഷണത്തിലാണത് ആരിയച്ചിതൈവായി വിവരിക്കപ്പെട്ടത്.

പറഞ്ഞുവരുന്നത് ദ്രവിഡസംഘാതാക്ഷരനിബദ്ധത്വം ആചരിച്ചിരുന്ന ഒരു മാനകഭാഷാരീതിയും ഉച്ചാരണരീതിയും നിലനിന്നിരുന്നു എന്നാണ്. അവിടെനിന്നുണ്ടായ ഒരു പരിണാമമാണ് ലിഖിതതലത്തിൽ ഗ്രന്ഥലിപിയിലേക്കും ഉച്ചാരണതലത്തിൽ സംസ്കൃതവർണ്ണങ്ങളെയാകെ സ്വീകരിക്കുന്നതിലേക്കും നയിച്ചത്. ആരിയച്ചിതൈവ് രൂപമായാലേ ശരിയായ, അഥവാ മാനകമായ രൂപമാകൂ എന്ന നില വിട്ട് പുതിയ ഭാഷാബോധത്തിലേക്ക് കേരളീയസമൂഹം പതുക്കെ പരിണമിച്ചു. സമൂഹത്തിൽ കോയ്മ കൈവന്ന ആര്യപാരമ്പര്യക്കാരുടെ സംസ്കൃതോച്ചാരണ ബഹളവും അവരിലൂടെ ബീജാവാപം നടന്ന മണിപ്രവാളസാഹിത്യവുമൊക്കെ ചേർന്നാണ് ഈ പുതിയ ഭാഷാകാലാവസ്ഥയ്ക്കു കാരണമായതെന്നു വിചാരിക്കാം. ശബ്ദങ്ങളിലും ഉച്ചാരണത്തിലും 'തമിഴ് മാനകത'യെ തുടരാൻ അനുവദിക്കാത്ത മട്ടിൽ പുതിയ ഭാഷാന്തരീക്ഷവും ഭാഷാധിധികാരവും പതുക്കപ്പതുക്കെ രൂപപ്പെടുകയും അതിന് സർവ്വാദരണീയത കൈവരികയും ചെയ്തിരിക്കണം. പുതിയ മാനകഭാഷയും അതിന്റേതായ പുതിയ വർണ്ണവ്യവസ്ഥയും അതിനെ ആദരിക്കുന്ന ഭാഷാ-മാനകഭാഷാബോധ്യങ്ങളും ഉടലെടുത്തു. ഈ മാറ്റത്തോടൊപ്പം പാട്ടുകവിതാപ്രസ്ഥാനത്തിനും പരിണമിക്കേണ്ടിവന്നു. രാമചരിതത്തിൽനിന്ന് കണ്ണശ്ശകൃതികളിലേക്കും എഴുത്തച്ഛനിലേക്കും വരുമ്പോൾ ഈ സ്വത്വപരിണാമം, അഥവാ സ്വത്വനിർമ്മിതി പൂർത്തിയാകുന്നു.

പുതിയ ആദർശഭാഷ കേരളീയരുടെ ഭാഷാബോധത്തിൽ ഉരുത്തിരിഞ്ഞുവന്നു. അതിന്റെ നിയമങ്ങൾ മിക്കവാറും സംസ്കൃതനിയമങ്ങളായി. കേരളഭാഷയുടെ ഗുരുത്വകേന്ദ്രം തമിഴ് പാരമ്പര്യത്തിൽനിന്നു വഴിമാറിയെന്നു വേറൊരുതരത്തിൽ പറയാം. ഈ പരിണാമത്തെയാണ് സ്വത്വാർജ്ജനമായി നാം വിവരിച്ചുപോരുന്നത്. വാസ്തവമാലോചിച്ചാൽ സ്വത്വനഷ്ടമായിരുന്നില്ലേ സംഭവിച്ചത്? പാരമ്പര്യമാണ് തനിമയെങ്കിൽ ദ്രവിഡസംഘാതാക്ഷരത്വത്തെ പിന്തുടരുന്ന ആദർശഭാഷയെയാണ് തനതെന്നും സ്വത്വമെന്നും വിവരിക്കേണ്ടത്. ഇവിടെയുണ്ടായ പരിവർത്തനത്തിൽ കേരളഭാഷയുടെ തനിമാനഷ്ടമായിരുന്നു, അഥവാ സ്വത്വനഷ്ടമായിരുന്നു സംഭവിച്ചതെന്നു പറഞ്ഞാൽ അതല്ലേ സത്യത്തോട് അടുത്തുനിൽക്കുക?

പക്ഷേ, നമുക്കങ്ങനെ തോന്നാറില്ല. നമ്മുടെ ഭാഷാബോധത്തിനു സംഭവിച്ച പരിണാമമാണിതിനു കാരണം. ഭാഷയിലുണ്ടായ സംസ്കൃതസാന്നിദ്ധ്യത്തെ മേന്മയും കേമത്തവും ശ്രേഷ്ഠതയുമായി കേരളീയസമൂഹത്തിലെ മുഖ്യധാര കൊണ്ടാടി. സംസ്കൃതത്തിനുണ്ടായിരുന്ന പദസമ്പത്തും സാഹിത്യസമ്പത്തും അതിന്റെ വക്താക്കൾക്കുണ്ടായിരുന്ന പദവിയുമൊക്കെച്ചേർന്ന് ഉളവാക്കിയ ആധികാരികത, ഇവിടെയുണ്ടായ പരിണാമത്തെ സ്വത്വനഷ്ടമായി കാണുന്നതിനു പകരം സ്വത്വാർജ്ജനമായി മനസ്സിലാക്കുവാൻ ഇടയാക്കി. വലിയൊരു തലകീഴ്ക്കാഴ്ച ഇവിടെയുണ്ട് എന്നത് നമുക്ക് പിടികിട്ടുന്നേയില്ല. പ്രത്യയശാസ്ത്രത്തിന്റെ കളി എന്നേ ഇതേക്കുറിച്ച് പറയാൻ കഴിയൂ. സ്വത്വം പ്രത്യയശാസ്ത്രപരംകൂടിയാണ്. അതിനകത്താണ്, അതിന്റെ ഭാഗമായാണ് നാം നമ്മുടെ ഭാഷാജീവിതം ജീവിച്ചുതീർക്കുന്നത്. സമ്പൂർണ്ണമായൊരു കോളനൈസേഷൻ നടന്നതിന്റെ ഫലമായാണ് നമ്മുടെ ഭാഷയുടെ സ്വത്വാർജ്ജനപ്രക്രിയ പൂർത്തീകരിക്കപ്പെട്ടത് എന്നു പറഞ്ഞാൽ അതായിരിക്കും ശരി. എന്തായാലും, അതുവഴി പുതിയ സ്വത്വബോധമുളവായി. ദ്രാവിഡപാരമ്പര്യത്തിലെ തനിമാബോധം അഴിഞ്ഞുപോയി. സംസ്കൃതോച്ചാരണത്തെയും പദസമൃദ്ധിയെയും ജനത ആദരണീയമായി കണ്ടു. ഉച്ചാരണത്തിലെയും രൂപങ്ങളിലെയും, കഴിയുന്നത്ര വ്യാകരണത്തിലെയും സംസ്കൃതരീതികളെ ലംഘിക്കില്ല എന്ന പ്രതിജ്ഞ, അഥവാ സാമൂഹിക കരാർ രൂപപ്പെട്ടു. മാനകഭാഷയെന്നത് സംസ്കൃതത്തെ പരിപാലിക്കുന്ന, ശുശ്രൂഷിക്കുന്ന ഒന്നായി പുനർനിർവ്വചിക്കപ്പെടുകയായിരുന്നു. ഇതോടെ പഴയ ഭാഷാ-ആത്മബോധചിഹ്നമായ ആരിയച്ചിതൈവ്വു ച്യുതിയായി കുറവായി, കുറച്ചിലായി, കുറ്റമായി മാറി. അപ്പനും ബിംബിഷ്ഠവും പോലുള്ള അതിപരിഷ്കരണം തോളത്തിട്ട വേഷ്ടി

പോലെ മികവുമായി, കേമത്തത്തിന്റെ തെളിവായി.

ആര്യഭാഷയെ സ്വീകരിച്ച് പ്രതിഷ്ഠിച്ചുകൊണ്ടുണ്ടായ പുതുക്രമം കേരളഭാഷയുടെ മാനകസ്വരൂപമായി പ്രതിഷ്ഠ നേടിയ കഥയിലെ ഇഴകളാണ് നാം കണ്ടുകണ്ടുവരുന്നത്. പുതിയ മാനകഭാഷയുടെ വിധാതാക്കളായ ഒരു പുത്തൻ വർഗ്ഗം കടന്നുവന്നു. അവർ ആദർശമെന്നു നിനയ്ക്കുന്ന സംസ്കൃതീകരിച്ച കേരളഭാഷ നമ്മുടെ ഭാഷാക്രമക്കണക്കിന് ആധാരമായി. മാതൃഭാഷ എന്നൊക്കെ പറയുമ്പോൾ ഈ പുതിയ മാനകഭാഷയെയാണ് വാസ്തവത്തിൽ നാമറിയാതെ പരാമർശിക്കാനിടയാകുന്നത്. അതിൽനിന്നുള്ള വ്യതിയാനമായി, അപഭ്രംശമായി പ്രാദേശികഭാഷകളും പഴയ സമ്പ്രദായങ്ങളിൽ നിലകൊണ്ട ഭാഷകളും തിരിച്ചറിയപ്പെട്ടു. പുതിയതായി ഉരുത്തിരിഞ്ഞത് അവികലമായ തനിസ്വരൂപവും, പഴയതും പാരമ്പര്യബലമുള്ളതുമായ സമ്പ്രദായങ്ങൾ പോരിമയില്ലാത്ത അയിത്തഭാഷകളായി. വിരുന്നുകാർ വീട്ടുകാരായി എന്നു പറയുന്നതുപോലുള്ളൊരു അട്ടിമറി ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. പുരാതനമായൊരു കോളണീകരണമായിത്തന്നെ ഇതിനെ വിലയിരുത്തുന്നതിൽ തെറ്റില്ല. ഈ വഴിയിൽ കേരളഭാഷയിലുണ്ടായ നവോദയത്തെ അംഗീകരിക്കുമ്പോൾത്തന്നെ ഈ ചരിത്രപരമായ അട്ടിമറിപ്രക്രിയയെ ഭാഷാപഠിതാക്കൾ കാണാതെപോകരുത്, മനസ്സിലാക്കേണ്ടതുണ്ട്. അതുണ്ടാക്കുന്ന വിവേകം ചരിത്രബോധപരമാണ്. ഭാഷയുടെ കാര്യത്തിലുള്ള ചരിത്രപരമായ അറിവ് വിവേകപൂർവ്വകമായ കാഴ്ചപ്പാടോടെ ഭാഷയെയും ഭാഷാവിവാദങ്ങളെയും തിരിച്ചറിയാൻ സഹായകമായേക്കും.

ചരിത്രത്തിൽ ഇങ്ങനെയുണ്ടായ പരിവർത്തനങ്ങളുടെ ഫലമായ ബോധക്രമീകരണത്തിനും ഭാഷാനുഭവങ്ങൾക്കും അകത്താണ് നാം ഇന്ന് ജീവിക്കുന്നത്. നമ്മുടെ ഭാഷ എന്നു വിളിക്കപ്പെടുന്നത് ഈ പുതിയ ക്രമീകരണങ്ങളും ക്രമക്കണക്കുകളും ഒക്കെ ആചരിച്ചുള്ളതുകൂടിയാണ്. അതിനു താങ്ങായി ദ്രമിഡസംഘാതാക്ഷരത്വത്തെ ഉല്ലംഘിക്കുന്ന സംസ്കൃതവർണ്ണക്കണക്കും ഉച്ചാരണക്രമങ്ങളും ലിപിസമ്പ്രദായവും വന്നു. തമിഴപാരമ്പര്യത്തിനു മതിയായിരുന്ന വട്ടെഴുത്ത്-കോലെഴുത്ത് ലിപിവ്യവസ്ഥയിലേക്ക് അതിഖരഘോഷങ്ങൾക്കും ശഷസഹകൾക്കും വിസർഗ്ഗത്തിനും വരെ പ്രവേശം കൊടുത്ത് നാം ആദരിച്ചു. ഭാഷയുടെ സൗന്ദര്യത്തെയും സമ്പന്നതയെയും മാത്രമല്ല, തമിഴിൽനിന്നുള്ള വ്യതിരിക്തതയെയും പ്രകാശിപ്പിക്കുന്ന ഘടകങ്ങൾ അവയായിത്തീർന്നു. ഗ്രന്ഥലിപിയുടെ പ്രതിഷ്ഠാപനം നടക്കുന്നത് ഇങ്ങനെയുള്ള ഭാഷാ-ഭാഷാബോധപരിവർത്തനവുമായി കണ്ണിചേർന്നാണ്.

എന്താണ് ഗ്രന്ഥലിപിയെന്ന വിസ്തരിക്കേണ്ട സന്ദർഭമല്ല ഇത്. എങ്കിലും ചെറിയ വിശദീകരണം വേണ്ടതുണ്ട്. വട്ടെഴുത്ത്, കോലെഴുത്ത് എന്നിങ്ങനെ രണ്ടു ലേഖനരീതികളാണ് കേരളത്തിൽ പ്രചുരപ്രചാരത്തിലുണ്ടായിരുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ തമിഴെഴുത്തിന് പര്യാപ്തമായ ഈ സമ്പ്രദായത്തിന് ചേര-പാണ്ഡ്യ-ചോളനാട്ടുകളായി പിരിഞ്ഞിരുന്ന തമിഴകത്താകെ പ്രചാരമുണ്ടായിരുന്നു. തെക്കൻ ബ്രാഹ്മിയുടെ സവിശേഷതകളായ വലത്തോട്ട് കെട്ടി കൂട്ടക്ഷരങ്ങളും ഇരട്ടിപ്പുകളുമെഴുതുന്ന രീതിയുൾപ്പെടെയുള്ള സവിശേഷതകളാണ് അതിനുണ്ടായിരുന്നത്. അതിൽ വടക്കൻ ബ്രാഹ്മിയിലേതുപോലെ സംസ്കൃതത്തിലെ അധികാക്ഷരങ്ങളെ രേഖപ്പെടുത്താൻ കഴിയുമായിരുന്നില്ല. ഈ പ്രതിസന്ധിയെ മറികടക്കേണ്ട സന്ദർഭമാണ് മണിപ്രവാളസാഹിത്യവും പിൽക്കാല വൈഷ്ണവ-ഇതിഹാസപ്പാട്ടുകൃതികളും ഉണ്ടാക്കിയെടുത്തത്.

മണിപ്രവാളസാഹിത്യമാണ് കേരളഭാഷയെ സംബന്ധിച്ച ചരിത്രപ്രധാനമായ ഒരു ചർച്ചയ്ക്ക് ഹേതുവായത്. ആ ഭാഷാസംവാദത്തിന്റെ അനന്തരഫലമാണ് ലീലാതിലകമെന്ന കൃതി.

ഇതിഹാസപ്പാട്ടുപ്രസ്ഥാനം അഥവാ വൈഷ്ണവഭക്തിപ്രസ്ഥാനത്തിന്റെ രാമചരിതാനന്തരവികാസം കേരളഭാഷയുടെ സംസ്കൃതീകരണപ്രക്രിയയെ അതിവേഗം മുന്നോട്ടുകൊണ്ടുപോയി. ആര്യാവർത്തത്തിൽ പ്രചുരപ്രചാരം നേടിയിരുന്ന രാമകഥയും ഭാരതകഥയുമൊക്കെ സംസ്കൃതത്തിൽനിന്നു സ്വീകരിച്ചവയായതിനാൽ എഴുത്തച്ഛനിലും മറ്റും സംസ്കൃതപദാവലി ധാരാളമായി കൂടെപ്പോന്നു. ഭാഗവതത്തെ അവലംബിച്ച് രചന നിർവ്വഹിച്ച ചെറുശ്ശേരി നമ്പൂതിരിയിലും പൂന്താനത്തിലും കാണുന്ന സംസ്കൃതം കുറഞ്ഞ ഭാഷാരീതിയും ഉണ്ട്. എന്നാൽ അവിടെയും സംസ്കൃതസ്വീകാരം തന്നെയായിരുന്നു നയം. ഫലത്തിൽ, എഴുതാനും പറയാനുമുള്ള കഥയും വസ്തുതയുമൊക്കെ അതിഖരഘോഷസമ്മേളിതമായി. അതിന്റെ ആലേഖനത്തിന് ബ്രാഹ്മിപാരമ്പര്യങ്ങളുടെ സഹായമാണ് സ്വീകരിച്ചത്. ഗ്രന്ഥലിപി അങ്ങനെയാണ് ഉരുവം തിരിയുന്നത്. നമ്മുടെ ലേഖനവ്യവസ്ഥയിൽ വടക്കൻ ബ്രാഹ്മിയുടെയും തെക്കൻ ബ്രാഹ്മിയുടെയും രീതികൾ ഇടകലർന്നത് അങ്ങനെയാണ്. കൂട്ടക്ഷരരചനയിൽ ചേർത്തെഴുതുന്നതിനെക്കുറിച്ച പറഞ്ഞല്ലോ. അത് തെക്കൻ ബ്രാഹ്മിരീതിയാണ്. വടക്കൻ രീതിയിൽ ചുവട്ടിലായിട്ടാണ് കൂട്ടക്ഷരവും ഇരട്ടിപ്പും കാണിക്കുവാനുള്ള ചേർത്തെഴുത്ത്. ഇതു രണ്ടും നമ്മുടെ ലേഖനസമ്പ്രദായത്തിലുണ്ട്. ഇങ്ങനെ സകലതലങ്ങളിലും സംസ്കൃതത്തിനു വേണ്ടി പരിഷ്കാരങ്ങളേർപ്പെടുത്തിയതിന്റെ ഫലമായുണ്ടായ മലയാളമായി

മാനകമലയാളം. അതിനകത്തിരുന്നാണ് നാം ഉച്ചാരണസംബന്ധിയും എഴുത്തുസംബന്ധിയുമായ തീർപ്പുകളും തീരുമാനങ്ങളും എടുക്കേണ്ടിവരുന്നത്.3

മുഖ്യധാരാസമൂഹങ്ങളിൽ പ്രാബല്യമുണ്ടായിരുന്ന രൂപങ്ങൾ, അതിൽത്തന്നെ ലോപിച്ച് സ്പഷ്ടത നഷ്ടപ്പെടാത്ത രൂപങ്ങൾ, അവരുടെ വ്യവഹാരങ്ങളിൽ ഇടം പിടിച്ച സംസ്കൃതരൂപങ്ങൾ എന്നിവയൊക്കെ ചേർന്നാണ് ഗ്രന്ഥലിപിയുടെയും അതുപയോഗിച്ചുള്ള എഴുത്തുകളുടെയും സഹായത്തോടെ ഭാഷയിലെ മാനക-മുഖ്യധാരയായി പ്രതിഷ്ഠ കൈവരിച്ചത്. സംസ്കൃതാവിഷ്ടമാനകമലയാളമെന്ന് ആ രീതിയെ കുറിക്കാം. അതിന് പ്രാബല്യം വന്നതോടെ ഇതരങ്ങൾ തരംതാണതായി മാറി. വട്ടെഴുത്ത്-കോലെഴുത്തുകാലത്തെ ഉച്ചാരണരീതികളെയൊക്കെയാണ് പലപ്പോഴും അറച്ചും പലപ്പോഴും വെറുത്തും കാണുന്നത്. ആ ഘട്ടത്തിലെ പേരുകൾ ഉൾപ്പെടെയുള്ള പദരൂപങ്ങൾക്കും പതിതത്വം കല്പിക്കപ്പെടുന്നതായി കാണാം. ശരിയായ ഉച്ചാരണത്തിനുവേണ്ടി വാദിക്കുമ്പോൾ മിക്കവാറും സംസ്കൃതോച്ചാരണം തെറ്റിക്കുന്നതിനെക്കുറിച്ചാണ് നാം വേവലാതിപ്പെടുന്നത്. ഗ്രന്ഥലിപിക്ക് സംസ്കൃതത്തിലുറച്ചിട്ടുള്ള ഉച്ചാരണക്രമങ്ങളിൽനിന്നുള്ള വ്യതിയാനം ആചാരലംഘനം പോലെ കുറ്റകരമായി മുഖ്യധാരയുടെ വക്താക്കൾക്ക് അനുഭവപ്പെടുന്നു. ഇതിന്റെ വ്യസനത്തോടെയുള്ള പ്രകാശനങ്ങൾ നമ്മുടെ ഭാഷാചർച്ചകളുടെ ഒരു പ്രധാന ഭാഗമാണ്. വാമൊഴിഭേദങ്ങളിലെ വ്യത്യസ്തതകളെയാണ് മിക്കവാറും മിടുക്കും മോടിയുമില്ലാത്ത ഉച്ചാരണങ്ങളായി കണക്കാക്കി വിലക്കുന്നത്.

പ്രാകൃത ദ്രാവിഡരൂപങ്ങൾക്കു പുറത്ത്, പില്ക്കാലത്ത് ഇംഗ്ലീഷ് സ്വാധീനത്തിലും അറബിക് സ്വാധീനത്തിലും മറ്റും ഉണ്ടായ ചില ഉച്ചാരണപരിഷ്കൃതികളെയും പരിഹാസ്യമായി കാണുന്ന നിലയുണ്ട്. അത്, ന്യായവും യുക്തവുമായി സംസ്കൃതാവിഷ്ടമാനകമലയാളത്തെ മാനിക്കുന്ന മനസ്സുകൾ വിലയിരുത്താറുണ്ട്. തുടക്കത്തിൽ പരാമർശിച്ച ഫ ഉച്ചാരണം അക്കൂട്ടത്തിൽപ്പെട്ട ഒന്നാണ്. ഫഹദ് ഫാസിൽ റീമാ കല്ലിങ്കലുമൊത്ത് നടിച്ച 22 ഫീമെയ്ൽ കോട്ടയം സിനിമയിൽ മധ്യതിരുവിതാംകൂറിലെ (കൊല്ലം, കോട്ടയം) ദേശ്യഭേദങ്ങളിൽ കേൾക്കാറുള്ള ഫകാരോച്ചാരണത്തെ കളിയാക്കിപ്പറയുന്നത്, തിരുത്താൻ ശ്രമിക്കുന്നത് ഇവിടെ ഓർക്കാം. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ, കൊല്ലം ചവറ സ്വദേശിയായ മലയാളത്തിന്റെ പ്രിയ കവി പ്രൊഫസർ ഒ.എൻ. വി. കുറുപ്പ് ഫ ഉച്ചരിക്കുന്നതുകേട്ട് അലോസരപ്പെട്ട ഒരു ശിഷ്യൻ4 വളരെ ആത്മാർത്ഥമായും നിഷ്കളങ്കമായും ഇക്കാര്യം (അലോസരം) ഏറ്റുപറയുന്നത് (എഴുതിയത്) എനിക്ക് കാണേണ്ടിവന്നിട്ടുണ്ട്. എന്താണിവിടെ മോശവും

പരിഹാസ്യവും ശരിപ്പെടുത്തേണ്ടതും എന്ന് ചിന്തിക്കാവുന്നതാണ്. ഈ പരിഹാസ്യമായ 'ഫ'യുടെ ഉച്ചാരണം എങ്ങനെ വന്നുപെട്ടതാണ്? ഇവിടെ ഒരു ആലോചന മാത്രം നടത്തുകയാണ്. ഇവ ദ്രാവിഡമായ ഒരു ഉച്ചാരണ പാരമ്പര്യത്തിൽ വരുന്നതല്ല. സംസ്കൃതപാരമ്പര്യത്തിൽ വരുന്നതുമല്ല. അതിനാൽ യൂറോപ്യൻ ഉച്ചാരണങ്ങൾ വഴിക്ക്, മിക്കവാറും ഇംഗ്ലീഷ് വഴിക്ക് വന്നു കയറിക്കൂടിയതാകാനാണ് ഇടയെന്ന് ഉറപ്പിക്കാം. ഫാൻ, ഫാൻസി, ഫാന്റസി, ഫിലിം, ഫീൽ, ഫ്രന്റ്, ഫ്രണ്ട്, ഫ്രെഷ്, ഫെയ്സ്, ഫെസ്റ്റിവൽ, ഫിസിക്സ്, ഫീമെയ്ൽ എന്നിങ്ങനെയുള്ള വാക്കുകളിലൂടെ 'ഫ' ഇംഗ്ലീഷിൽനിന്നു വന്ന് നമ്മുടെ ഉച്ചാരണവ്യവസ്ഥയുടെ ഭാഗമായി. ഇംഗ്ലീഷ് തദ്ഭവങ്ങളിൽ ഈ 'ഫ' നമുക്ക് പ്രയാസമുളവാക്കുന്നില്ല. പക്ഷേ, സംസ്കൃതത്തിൽനിന്നു സ്വീകരിച്ച ഫലം പോലുള്ള പദങ്ങളിലെ 'ഫ'യുടെ സംസ്കൃത-അതിഖരോച്ചാരണത്തെ അത് ആദേശം ചെയ്യുന്നിടത്ത് നമുക്കു പ്രയാസം തോന്നും. എന്നാൽ, മുകളിൽ സൂചിപ്പിച്ചപോലെ, വിമ്മിട്ടത്തെ വിമ്മിഷ്ടമാക്കുന്നതോ, അച്ചനെ അച്ഛനാക്കുന്നതോ അപ്പനെ അപ്ഫനാക്കുന്നതോ ഒക്കെ മോടിയായല്ലാതെ വികലീകരണമായി നമുക്ക് തോന്നാറുമില്ല. സംസ്കൃതോച്ചാരണത്തെ വികലമാക്കുന്നിടത്താണ് നമ്മുടെ ബുദ്ധിമുട്ട് എന്നു സാരം.

ഇംഗ്ലീഷ് ജന്യപദങ്ങളിലെ ഫയെ കുറിക്കാൻ ഫ എന്ന ലിപി ഉപയോഗിച്ചതാണ് പ്രശ്നത്തിന്റെ തുടക്കം എന്നു വിചാരിക്കാം. അതോടെ ലിപിയിൽ ഒട്ടിപ്പിടിച്ച ഈ ഇംഗ്ലീഷ് ഉച്ചാരണം സംസ്കൃതജന്യപദങ്ങളിലേക്കും പകർന്നുപടർന്നിരിക്കണം. എന്തായാലും ഇത് വ്യാപകമായി പ്രചരിച്ച് സംസ്കൃതജന്യ പദങ്ങളിലെ 'ഫ'യുടെ ഉച്ചാരണത്തെയും ഇംഗ്ലീഷ് മട്ടിലാക്കിമാറ്റി. അത് സംസ്കൃതപദങ്ങളിലെ ഉച്ചാരണത്തെ പിഴപ്പിച്ചു. ഫലം, ഫലിതം, ഫൽഗുനൻ എല്ലാം ഫാഷനിലേതുപോലായി. ശരിയായ ഭാഷയെക്കുറിച്ചു നിരൂപിക്കുമ്പോഴൊക്കെ സംസ്കൃതചിത്തം വിഷമിക്കാനും തുടങ്ങി.

മലയാളത്തിലേക്ക് ഇംഗ്ലീഷ് വഴിക്കു മാത്രമല്ല ഫയുടെ വരവ് എന്നു നാം കണ്ടു കഴിഞ്ഞു. ഫഹദും ഫാസിലും ഫാത്തിമയും ഫിദയും ഫസലുർ റഹ്മാനും മറ്റുമായി അറബി വഴിക്കു വന്ന ഫ-കളുമുണ്ട്. അതിലൊന്നും കുഴപ്പമുള്ളതായി പൊതുവെ കാണുന്നില്ല. സംസ്കൃതശബ്ദങ്ങളിൽ അവയൊക്കെ കടന്നുകയറുന്നതിലേ നമുക്കു വിഷമമുള്ളൂ. അറബി ഉച്ചാരണങ്ങൾക്കൊപ്പം ശ(ഷ)യും, യ (ഴ)യും ഒക്കെയായി പല ഭിന്നതകളും ചേർന്നുണ്ടാകുന്ന മാപ്പിളമലയാളത്തെ ഭാഷാഭേദമായല്ലാതെ മാനകമലയാളമായി കാണുവാൻ മാനകഭാഷാബോധം അനുവദിക്കാറില്ല. ദ്രാവിഡപാരമ്പര്യത്തിലുള്ള,

എന്നാൽ തനിമലയാളിത്തമുള്ള ഒരു ഉച്ചാരണമാണ് 'ഴ'യുടേത്. അത് 'യ'കാരമാക്കുന്നതിലും (ഉദാ: മഴ-മയ, കുഴപ്പം-കൊയപ്പം, വഴി-വയി) മാനകമലയാളഭാഷാബോധം വൈകല്യം ദർശിക്കുന്നുണ്ട്. അതിനർത്ഥം 'ഴ'കാരത്തെ മാനകഭാഷാംശമായി ആദരിക്കുന്നു എന്നാണ്.

പൊതുവെ പറഞ്ഞാൽ സംസ്കൃതോച്ചാരണങ്ങളെ അവലംബിച്ചുള്ള ഒരു ശുദ്ധിവിചാരത്തിലാണ് ഉച്ചാരണപ്പിശകുകളെ സംബന്ധിച്ച നമ്മുടെ ധാരണകൾ പ്രവർത്തിക്കുന്നത്. എങ്കിൽ, ഴ അതിൽ വരില്ലല്ലോ എന്നു ചോദിക്കാം. അധികാക്ഷരങ്ങളെ സംബന്ധിച്ചിടത്തോളം അത് ദ്രാവിഡമായ പാരമ്പര്യത്തെയാണ് അനുസരിക്കുന്നത്. അതുകൂടി കണക്കിലെടുത്ത്, സംസ്കൃതാക്ഷരം + അധികാക്ഷരം വ്യവസ്ഥയിൽ വ്യവസ്ഥാപനം ചെയ്തിട്ടുള്ള ഉച്ചാരണങ്ങളാണ് മലയാളത്തിന്റെ മാനകോച്ചാരണങ്ങൾ എന്നു പറയാം. അതിൽ ഖരാക്ഷരങ്ങൾക്ക് (അനുനാസികങ്ങൾക്കും) ദ്രാവിഡപാരമ്പര്യത്തിലും വേരുകളുണ്ട്. എന്നാൽ, അവയുടെ കാര്യത്തിലും ഉച്ചാരണവിഷയത്തിൽ സംസ്കൃതമാണ് പ്രമാണമാകുന്നത്. ചകാരോച്ചാരണം ശകാരച്ഛായയിലാകുന്നതിനെ നമുക്ക് മാനകരീതിയായി കാണാനാവുന്നില്ലെന്ന് കാണുക.

മുമ്പ് പരാമർശിച്ച ആരിയച്ചിതൈവിന് പാട്ടുപ്രസ്ഥാനകാലത്ത് കവിതയിൽ വരെ പ്രവേശമുണ്ടായിരുന്നു. അത് ച്യുതിയായി അറിയുന്നിടത്ത് തുടങ്ങുന്നു നമ്മുടെ സംസ്കൃതീകൃതമാനകഭാഷാബോധത്തിന്റെ ആധിപത്യം. ബുദ്ധിമാൻ പുത്തിമാനായി ഉച്ചരിക്കപ്പെടുന്നതോടെ ബുദ്ധിയൊക്കെയും ചോർന്നുപോകുന്നു എന്നാണ് നമ്മുടെ അനുഭവം. വിരിത്തലും മാനകമല്ല. സത്യം സത്തിയമാക്കിയാൽ മലയാളത്തിൽ സ്ലാങ്ങായി മാറുന്നു. തമിഴപാരമ്പര്യം നമ്മൾ കുടഞ്ഞു കളയാനിച്ഛിക്കുന്നു എന്നു പറയാം. മാനകീകരണമെന്നത് തമിഴിൽനിന്നുള്ള അകൽച്ചയും സംസ്കൃതത്തോടുള്ള അടുക്കലും ചേർന്ന ഒരു പ്രക്രിയയാണ്. തമിഴവഴി നമുക്ക് പഥ്യമല്ല. തമിഴ് രീതിയോടടുക്കുമ്പോൾ അർത്ഥാപകർഷം പോലും നമ്മുടെ ഭാഷാബോധം അനുഭവപ്പെടുത്തും. സിദ്ധാന്തത്തെ ചിത്താന്തമെന്നു കുറിച്ചാൽ സംഭവിക്കുന്ന മാറ്റം കാണുക. ഇതെല്ലാം വെച്ച് ആലോചിച്ചാൽ, സംസ്കൃതരീതികൾക്ക് മാന്യത കല്പിക്കുന്ന ഒരു മനോഭാഷയാണ് അഥവാ ആദർശഭാഷയാണ് നമ്മുടെ മാനകഭാഷയെന്ന് ആവർത്തിച്ചുറപ്പിക്കാം.

എഴുത്തച്ഛന്റെ കാലമാകുമ്പോഴേയ്ക്ക് സംസ്കൃതാനുസാരിയായ ഭാഷാരീതി പുതിയ ആദർശഭാഷയായി മാറി. അതാണ് അപാമരജനപ്രസിദ്ധമായ, ഉത്കൃഷ്ടമായ ഭാഷാധാര! അതാകുന്നു മാനകഭാഷ.

'പാമരജനപ്രസിദ്ധഭാഷണങ്ങളെ തെറ്റെന്നു വിധിക്കുന്ന ആദർശഭാഷയാണത്. അത് പ്രയോഗരൂപത്തിലുള്ള ഭാഷണത്തോടല്ല നിരക്കുന്നത്. ഫ്യൂഡൽ (?) പ്രതാപത്തോടെ ആ ആദർശഭാഷ ഭാഷണങ്ങളെ നിയന്ത്രിക്കാൻ ഒരുമ്പെടുന്നു. നിയന്ത്രിക്കാൻ മാത്രമല്ല, ഇതരവത്കരിക്കാനും മുതിരുന്നു. ജോസഫ് സ്കറിയയുടെ ഒരു പ്രയോഗം സ്വീകരിച്ച് ഭാഷയുടെ രക്ഷാധികാരി എന്ന് അതിനെ വിവരിക്കാൻ തോന്നുന്നു. ഇംഗ്ലീഷിൽനിന്നും അറബിയിൽനിന്നും സ്വീകരിച്ചിട്ടുള്ള ചില്ലറ ഉച്ചാരണസവിശേഷതകളെയും സാമാന്യമായി ദ്രാവിഡപാരമ്പര്യം കല്പിക്കപ്പെടാറുള്ള വാമൊഴിഭേദങ്ങളെയുമൊക്കെ ദൂഷ്യമായും വൈകല്യമായും കാണുന്ന ഒരു അദൃശ്യരക്ഷാധികാരിയാണത്.

മലയാളഭഷാമാനകീകരണത്തിൽ എഴുത്തച്ഛൻ ചെയ്ത സേവനങ്ങളെ പട്ടികപ്പെടുത്തുന്ന കൂട്ടത്തിൽ എ.ആർ. രാജരാജവർമ്മ ആര്യ എഴുത്ത് സ്വീകരിക്കേണ്ടതിനെക്കുറിച്ച് നടത്തുന്ന നിരീക്ഷണം അദ്ദേഹത്തിന്റെയെന്നല്ല, നമ്മുടെ പൊതുവായ മാനകഭാഷാബോധത്തിലെ രക്ഷാധികാരിയുടെ സ്വരമാണു കേൾപ്പിക്കുന്നത്. വായിക്കുക: "വിഭക്ത്യന്തങ്ങളായാലും പ്രകൃതികൾ മാത്രമായാലും സംസ്കൃതശബ്ദങ്ങളെ സ്വൈരമായി5 ഉപയോഗിക്കുന്ന സ്ഥിതിക്ക് അതുകളിൽ അക്ഷരസ്ഫുടതയ്ക്കുവേണ്ടി സാഹിത്യമെല്ലാംതന്നെ ആര്യ എഴുത്തിൽ എഴുതണം" (കേരളപാണിനീയം, പുറം 49). സ്ഫുടത എന്നൊരു തത്വമാണ് ഇവിടെ മുന്നോട്ടുവരുന്നത്. സംസ്കൃതരൂപങ്ങളെ തമിഴ് രീതിയിലെഴുതി, തമിഴ് രീതിയിൽ ഉച്ചരിക്കുന്ന ആരിയച്ചിതൈവ് ശൈലി പിന്തുടരുന്നത് ഒഴിവാക്കുന്നതാണ് ഉചിതം അഥവാ സ്ഫുടതയ്ക്ക് അനുഗുണമാവുക എന്ന ധാരണ എഴുത്തച്ഛനെഴുത്തുകളിൽ ഉറച്ചുവന്നതിനെയാണ് ഇവിടെ എഴുത്തച്ഛൻ ചെയ്ത ഏർപ്പാടായി വിവരിക്കുന്നത്. ഈ മട്ടിലുള്ള സംസ്കൃതോന്മുഖമായ ഏർപ്പാടുകളുടെ പ്രതിഷ്ഠാപനത്തിലൂടെയാണ് ര-റ കൾ ഒരുപോലെ ഉച്ചരിക്കുന്ന തമിഴിലെ രീതിയും ഉപേക്ഷിക്കപ്പെടുന്നത്. പ്രമാണഭാഷ എന്ന നില തമിഴിനു നഷ്ടപ്പെടുകയായിരുന്നുവെന്ന് വേറൊരു തരത്തിൽ പറയാം.6 ആ സ്ഥാനം സംസ്കൃതം ഏറ്റെടുത്തു. തമിഴ് തള്ളയാണെന്നൊക്കെ പറഞ്ഞാലും അതിന്റെ രീതികൾ പലതും ഉപേക്ഷണീയമായിത്തീർന്നു. സംസ്കൃതം പറയുന്ന പ്രമാണമേ അനുസരിക്കൂ. ഭർത്താവ്, അഥവാ വരൻ സംസ്കൃതമാണ്. ''ദ്രാവിഡഗോത്രജാതയായ 'സൗഭാഗ്യവതി കേരളഭാഷ' ആര്യവംശാലങ്കാരഭൂതനായ 'ചിരഞ്ജീവി സംസ്കൃതവരന്റെ' സ്വയംവരവധുവായ്ച്ചമഞ്ഞ് മേല്ക്കുമേൽ ഉല്ലസിക്കുന്നു'' എന്ന് രാജരാജവർമ്മ (കേരളപാണിനീയം, പുറം 45). ഈ വരൻതന്നെയാണ് മലയാളത്തിന്റെ രക്ഷാധികാരിയായി ചുമതലയേറ്റ് മാനകഭാഷയുടെ മറവിൽ പരിലസിക്കുന്നത്.

തുടക്കത്തിൽ ഉദ്ധരിച്ചുചേർത്ത, രണ്ടു സാഹിത്യകൃതികളിൽനിന്നുള്ള ഉദ്ധരണികൾ സാമാന്യജീവിതത്തിൽത്തന്നെ ഭാഷാരക്ഷാധികാരിസാന്നിദ്ധ്യം ഭാഷയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രത്യക്ഷങ്ങളാകുന്നു. അതിനെയൊക്കെ പരിഹാസവിഷയമാക്കുന്ന (അപഹാസത്തിനു മറുപടി പരിഹാസം!) ഒരു കഥാസന്ദർഭത്തിലേക്ക് പകർന്നുകൊണ്ട് ഈ വിചാര-വിചാരണകൾ അവസാനിപ്പിക്കാം :

"ഒരിടത്ത് ഭാസി എന്ന പേരോടുകൂടിയ ഒരു മന്ത്രിയുണ്ടായിരുന്നു ... 'ഭ' എന്ന അക്ഷരത്തെച്ചൂണ്ടി മന്ത്രി എല്ലാവരോടുമായി തന്റെ പേരിന്റെ ശരിയായ ഉച്ചാരണമെന്ത് എന്നു ചോദിച്ചു.

സെൻട്രി പറഞ്ഞു: ഉച്ചാരണം മലയാളരീതിയിൽ പറയുക പ്രയാസമായതിനാൽ ബാസി എന്ന് ഇംഗ്ലീഷ് രീതിയിൽ പറഞ്ഞാൽ മതി.

വേലക്കാരൻ : ഏമാനേ, പാസി, അട്ടർ പാസി! പാസിയണ്ണന്റെ തമാശേയ്...

ഭാര്യ, വേലക്കാരനെ തടഞ്ഞുകൊണ്ട്: അങ്ങനെയല്ലെടാ ഫാസി, അട്ടർ ഫാസി. വേറെ പറഞ്ഞാൽ ഫാസ്കരച്ചേട്ടൻ, ഫാര്യ, ഫംഗി...

അളിയൻ ഏതാനും ഉദാഹരണങ്ങൾ കൂടി നിരത്തി അതെയതെ, ഫരണകക്ഷി, ഫസ്മാസുരൻ, ഫാഗീരൻ, ഫഗീരഥി...

ഇതോടുകൂടി മന്ത്രിയുടെ സംശയം മാറി ..."

*(മലയാളഭാഷാപരിണാമം: സിദ്ധാന്തങ്ങളും വസ്തുതകളും, വി. പി. ശിവകുമാർ)*

## കുറിപ്പുകൾ

1. സ്വന-സ്വനിമവിജ്ഞാനിയായ കെന്നത്ത് ലീ പൈക്ക് സ്വനിമപഠനത്തെ പ്രായോഗികമായി ഭാഷയെ ലേഖനത്തിനു വിധേയമാക്കാനുള്ള അന്വേഷണമായിട്ടാണ് കണ്ടത് എന്ന് ഇവിടെ ഓർക്കാവുന്നതാണ്. ഫൊണീമിക്സ്, എ ടെക്നിക് ഫോർ രെഡ്യൂസിങ് ലാംഗ്വെജസ് റ്റു റൈറ്റിങ് എന്ന പുസ്തകനാമം തന്നെ ഇക്കാര്യം വെളിപ്പെടുത്തുന്നതാണ്.

2. വിപരീതദ്രവ്യം എന്ന ഈ ''സൈദ്ധാന്തികപരികല്പന'' ടി. പി. രാജീവന്റെ പാലേരി മാണിക്കമെന്ന പ്രസിദ്ധ കുറ്റാന്വേഷണനോവലിൽനിന്നു സ്വീകരിച്ചിട്ടുള്ളതാണ്. തെളിവുകളെ വിശകലനം ചെയ്യുമ്പോൾ സി ഐ ഡി മാർക്കെന്ന പോലെ ഗവേഷകർക്കും പ്രയോജനപ്പെടുത്താവുന്ന ഒരു നല്ല താക്കോൽ സങ്കല്പനമാണിത്.

3. "സംസ്കൃതവല്ലഭയായിച്ചമഞ്ഞ മലയാളഭാഷയ്ക്ക് തമിഴിന്റെ ജീർണ്ണവും വർണ്ണകലുഷവുമായ അക്ഷരമാലാകഞ്ചുകം ഒട്ടും പര്യാപ്തമല്ലാതായി. കേരളീയവിവാഹസമ്പ്രദായത്തിൽ 'മുണ്ടുകൊടുക്കുക'യാണല്ലോ ഒരു പ്രധാന ക്രിയ. ഭാഷകൾക്ക്

വസ്തുസ്ഥാനം വഹിക്കുന്നത് അക്ഷരമാലയാണ്; അതിനാൽ മലയാളഭാഷ സംസ്കൃതദത്തമായ ആര്യ എഴുത്ത് ഇക്കാലത്ത് സ്വീകരിച്ചു" (കേരളപാണിനീയം, പുറം 45). ജീർണ്ണം, വർണ്ണകലുഷം എന്നീ പ്രയോഗങ്ങൾ ഊന്നലോടെ ശ്രദ്ധിക്കാവുന്നതാണ്.

4. അദ്ദേഹം വളരെ മികച്ച പണ്ഡിതനും ആദരണീയനായ അദ്ധ്യാപകനും എഴുത്തുകാരനും ഒക്കെയാണ്. ഈ ലേഖകന് അദ്ദേഹത്തോട് തികഞ്ഞ ആദരവുമാണുള്ളത്. ഒരു സ്വകാര്യവിനിമയത്തിലെ ആശയപ്രകാശനമായതിനാലാണ് പേരൊന്നും പറയാത്തത്. അദ്ദേഹം കൊള്ളരുതാത്ത കാര്യം പറഞ്ഞു എന്ന വിവക്ഷയും ഇവിടെ ഇല്ല. നമ്മുടെ പൊതുബോധ്യങ്ങളുടെ പ്രഭാവം തെളിഞ്ഞ ഒരു ഉദാഹരണമെന്ന നിലയിലാണ് പരാമർശിക്കുന്നത്.

5. ഈ ലേഖനത്തിൽ പരാമർശിച്ചിട്ടുള്ള കേരളപാണിനീയം 2017ലെ സായാഹ്ന പതിപ്പാണ്. അതിൽ സ്വൈരമായി എന്നത് തെറ്റായി സ്വരമായി എന്ന് അച്ചടിച്ചത് ഇവിടെ തിരുത്തിയാണ് ചേർത്തിരിക്കുന്നത്.

6. "ഇക്കാലത്താകട്ടെ, തമിഴിലെ ഉച്ചാരണം വളരെ മോശപ്പെട്ടിരിക്കുന്നു" എന്നൊരു വാക്യവും കേരളപാണിനീയത്തിലുണ്ട് (കേരളപാണിനീയം, പുറം 34).–മോശമെന്ന ഈ പ്രയോഗത്തിന്റെ സൂചനകൾ സ്പഷ്ടമാണ്. സംസ്കൃതാധിഷ്ഠിതശ്രേഷ്ഠബോധം എന്നു പറയാവുന്ന വിപരീതദ്രവ്യമുണ്ട് ഇവിടെ. കുറിപ്പ് 3 ലെ 'തമിഴിന്റെ ജീർണ്ണവും വർണ്ണകലുഷവുമായ അക്ഷരമാലാകഞ്ചുകം'എന്ന പ്രയോഗവും ഇതിനോട് ചേരുന്നതുതന്നെ.

*ccjgeorge@gmail.com*